**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1716** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഭൗമ സൂചിക പദവി സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി തേങ്ങാ, അത്തൂർ ഒളോർ മാങ്ങ എന്നിവയ്ക്ക് ഭൗമ സൂചിക പദവി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കുറ്റിയാടി തേങ്ങയുടെ ജിഐ രജിസ്ട്രേഷനു വേണ്ടി കുറ്റിയാടി ഇനം തെങ്ങിന്റെ വാണിജ്യ കൃഷിയുടെ വിസ്തൃതി വിവരങ്ങൾ ശേഖരിയ്ക്കുന്ന നടപടിക്രമം പുരോഗമിക്കുന്നു. ജിഐ രജിസ്ട്രേഷന്റെ അനിവാര്യ ഭാഗമായ സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കേരളത്തിലെ എല്ലാ ജില്ലകളിലെയും കുറ്റിയാടി ഇനം തെങ്ങു കൃഷി വിസ്തൃതിയും വിശദാംശങ്ങളും ശേഖരിയ്ക്കുന്ന നടപടി പുരോഗമിയ്ക്കുന്നു. കോഴിക്കോട് മരുതോങ്കരയിൽ പ്രവർത്തിക്കുന്ന കുറ്റിയാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിൽ നിന്നും പ്രസ്തുത കമ്പനിയുടെ കീഴിൽ പ്രവർത്തിക്കുന്ന കർഷക സംഘത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>അത്തൂർ ഒളോർ മാങ്ങ ഭൗമസൂചിക പദവി ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. സൊസൈറ്റിയുടെ രജിസ്ട്രേഷന് ശേഷം സൊസൈറ്റി രൂപീകരണം സംബന്ധിച്ച്, ഒരു മീറ്റിംഗ് 23-11-2024 ൽ നടത്തുകയും സൊസൈറ്റിയുടെ രജിസ്ട്രേഷനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടിക്രമങ്ങൾക്ക് കാലതാമസമെടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ കുറ്റിയാടി ഇനം തെങ്ങു കൃഷി വിസ്തൃതി സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കുന്ന നടപടികൾ നടക്കുകയാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായാൽ മാത്രമേ പദ്ധതിയുടെ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുകയുള്ളൂ.<br><br>അത്തൂർ ഒളോർ മാങ്ങയ്ക്ക് ഭൗമ സൂചിക പദവി നൽകുന്നതിൽ, കർഷകരുടെ രജിസ്ട്രേഡ് സൊസൈറ്റി ആണ് ജി.ഐ അപ്ലിക്കേഷന് അപേക്ഷിക്കുന്നത്. 2020ൽ ആരംഭിച്ച പദ്ധതിയുടെ ഭാഗമായുള്ള, കർഷക സൊസൈറ്റിയുടെ |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ 24.09.2025ൽ ആണ് നടന്നത് . ഇത് പദ്ധതിയുടെ കാലയളവ് ദീർഘിപ്പിക്കാൻ കാരണമായി. കൂടാതെ ഒളോർ മാങ്ങയുടെ കൃഷി ചെയ്യപ്പെടുന്ന സ്ഥലങ്ങളുടെ കൃത്യമായ വിസ്തീർണത്തിന്റെ രേഖകൾ തയാറാക്കേണ്ടതുണ്ട്. ഇതിനായുള്ള പ്രവർത്തികൾ പൂർത്തീകരിയ്ക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | കുറ്റ്യാടി തേങ്ങ, അത്തൂർ മാങ്ങ എന്നിവയ്ക്ക് ഭൗമ സൂചിക പദവി ലഭ്യമാക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും, ഇനി പൂർത്തിയാക്കേണ്ട നടപടിക്രമങ്ങളും വിശദമാക്കാമോ? | (സി) | കുറ്റ്യാടി തേങ്ങയ്ക്ക് ഭൗമ സൂചിക പദവി നൽകുന്നതിൽ, പ്രാരംഭഘട്ട പ്രവർത്തങ്ങൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്.<br><br><u>ഇനി പൂർത്തിയാക്കേണ്ട നടപടി ക്രമങ്ങൾ ചുവടെ ചേർക്കുന്നു.</u><br><br>1. ഹിസ്റ്ററി ഡോക്യൂമെന്റ്സ്<br><br>2. അനാലിസിസ്<br><br>3. ഡ്രാഫ്റ്റ് അപ്ലിക്കേഷൻ<br><br>4. ലോഗോ<br><br>5. മാപ്<br><br>അത്തൂർ ഒളോർ മാങ്ങയ്ക്ക് ഭൗമ സൂചിക പദവി നൽകുന്നതിൽ, ഭൗമസൂചിക പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.<br><br>1. ഡ്രാഫ്റ്റ് അപ്ലിക്കേഷൻ പൂർത്തീകരിച്ചു.<br><br>2. മാപ് ലഭിച്ചു<br><br>3. അനാലിസിസ് പൂർത്തിയായി<br><br>4. ഹിസ്റ്ററി ലഭിച്ചു<br><br><u>ഇനി പൂർത്തിയാക്കേണ്ട നടപടി ക്രമങ്ങൾ</u><br><br>1. വിസ്തൃതി ലഭ്യമാക്കി മാപ് തിരുത്തലുകൾ ചെയ്യേണ്ടതുണ്ട്.<br><br>2. ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷന്റെ അഫിഡവിറ്റ് ലഭ്യമാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ